**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **10-06-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ താലൂക്ക് ആശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുവാനായി കിഫ്ബിയുടെ ധനാനുമതി ലഭിച്ചിരുന്ന പദ്ധതിയുടെ തുടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പയ്യന്നൂർ താലൂക്കാശുപത്രിയിൽ 171 ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് കെ.എം.എസ്.സി.എൽ- ന് അനുമതി നൽകുകയും ഇതുവരെ 104 ഉപകരണങ്ങൾക്ക് വിതരണ ഉത്തരവ് നൽകുകയും ബാക്കിയുള്ള 67 ഉപകരണങ്ങൾക്കുള്ള ദർഘാസ് നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. **പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | 2024 ആഗസ്റ്റ് മാസത്തോട്ടുകൂടി പദ്ധതി പൂർത്തിയാക്കുന്നതിനായി ദർഘാസ് നടപടികൾ വേഗത്തിലാക്കി വിതരണ ഉത്തരവുകൾ നൽകുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ സ്വീകരിച്ചുവരുന്നു. |
| (സി) | പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 2024 ആഗസ്റ്റ് മാസത്തോട്ടുകൂടി പദ്ധതി പൂർത്തിയാക്കുന്നതിനായി ദർഘാസ് നടപടികൾ വേഗത്തിലാക്കി വിതരണ ഉത്തരവുകൾ നൽകുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ